**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1666** **02-02-2024 - ൽ മറുപടിയ്ക്ക്**

**കൊപ്രയുടെ താങ്ങുവില**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു. എ. ലത്തീഫ്,<br>ശ്രീ. കുറുക്കോളി മൊയ്തീൻ,<br>ശ്രീ. എ. കെ. എം. അഷ്റഫ്,<br>ശ്രീ. പി. അബ്ദുൽ ഹമീദ് | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | കൊപ്രയുടെ താങ്ങുവില വർദ്ധിപ്പിക്കുന്നതിനുള്ള കേന്ദ്രസർക്കാർ തീരുമാനത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർ താങ്ങുവില വർദ്ധിപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ; | (എ) | കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില കിലോഗ്രാമിന് 108.60 രൂപയാണ്. ഇതിനാനുപാതികമായി വരുന്ന പച്ചത്തേങ്ങയുടെ താങ്ങുവില 29.24 രൂപയാണ്. 01/04/2023 മുതൽ പച്ചത്തേങ്ങയുടെ സംഭരണ വില 34.00 രൂപയാണ്. സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണ വിലയേക്കാൾ തുലോം കുറവാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന കൊപ്ര സംഭരണത്തിന്റെ താങ്ങുവില. ആയതിനാൽ കേന്ദ്രത്തിന്റെ കൊപ്രസംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനായി കൊപ്രയ്ക്കാനുപാതിക പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.76 രൂപ കൂടി സംസ്ഥാന സർക്കാർ പ്രത്യേകം നൽകി കിലോഗ്രാമിന് 34.00 രൂപ ഉറപ്പാക്കുന്നുണ്ട്. നിയമസഭാ സാമാജികരുമായി കൂടിയാലോചിച്ച് ആവശ്യമുള്ള സംഭരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (ബി) | നിലവിൽ സംസ്ഥാന സർക്കാർ നൽകി വരുന്ന താങ്ങുവില എത്രയാണെന്ന് അറിയിക്കാമോ; | (ബി) | കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില കിലോഗ്രാമിന് 108.60 രൂപയാണ്. ഇതിനാനുപാതികമായി വരുന്ന പച്ചത്തേങ്ങയുടെ താങ്ങുവില 29.24 രൂപയാണ്. 01/04/2023 മുതൽ പച്ചത്തേങ്ങയുടെ സംഭരണ വില 34.00 രൂപയാണ്. സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണ വിലയേക്കാൾ തുലോം കുറവാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന കൊപ്ര സംഭരണത്തിന്റെ താങ്ങുവില. ആയതിനാൽ കേന്ദ്രത്തിന്റെ കൊപ്രസംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനായി കൊപ്രയ്ക്കാനുപാതിക പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് |

| | | | |
|---|---|---|---|
| | | | 4.76 രൂപ കൂടി സംസ്ഥാന സർക്കാർ പ്രത്യേകം നൽകി കിലോഗ്രാമിന് 34.00 രൂപ ഉറപ്പാക്കുന്നുണ്ട്. നിയമസഭാ സാമാജികരുമായി കൂടിയാലോചിച്ച് ആവശ്യമുള്ള സംഭരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |
| (സി) | താങ്ങുവില വർദ്ധിപ്പിക്കുന്നതിനും സംഭരണ കേന്ദ്രങ്ങളുടെ എണ്ണം കൂട്ടുന്നതിനും ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ? | (സി) | കൊപ്രയുടെ താങ്ങുവില നിശ്ചയിക്കുന്നത് കേന്ദ്രസർക്കാരാണ്. നിലവിൽ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന താങ്ങുവില കിലോഗ്രാമിന് 108.60 രൂപയാണ്. ഇതിനാനുപാതികമായി വരുന്ന പച്ചത്തേങ്ങയുടെ താങ്ങുവില 29.24 രൂപയാണ്. 01/04/2023 മുതൽ പച്ചത്തേങ്ങയുടെ സംഭരണ വില 34.00 രൂപയാണ്. സംസ്ഥാനത്തെ പച്ചത്തേങ്ങ സംഭരണ വിലയേക്കാൾ തുലോം കുറവാണ് കേന്ദ്രസർക്കാർ നിശ്ചയിച്ചിരിക്കുന്ന കൊപ്ര സംഭരണത്തിന്റെ താങ്ങുവില. ആയതിനാൽ കേന്ദ്രത്തിന്റെ കൊപ്രസംഭരണത്തിൽ പങ്കെടുക്കുന്ന കർഷകർക്ക് ഉണ്ടാകുന്ന നഷ്ടം നികത്താനായി കൊപ്രയ്ക്കാനുപാതിക പച്ചത്തേങ്ങയ്ക്ക് കിലോഗ്രാമിന് 4.76 രൂപ കൂടി സംസ്ഥാന സർക്കാർ പ്രത്യേകം നൽകി കിലോഗ്രാമിന് 34.00 രൂപ ഉറപ്പാക്കുന്നുണ്ട്. നിയമസഭാ സാമാജികരുമായി കൂടിയാലോചിച്ച് ആവശ്യമുള്ള സംഭരണ കേന്ദ്രങ്ങൾ വർദ്ധിപ്പിക്കാൻ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. |

സെക്ഷൻ ഓഫീസർ